**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 740** **14-10-2026-ൽ മറുപടിയ്ക്ക്**

**ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതി പട്ടിക വർഗ്ഗവിഭാഗങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. പി. കെ. ഫിറോസ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

**മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. എ. തുളസി

(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

**മറുപടി:** സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണ പദ്ധതിയും ഭൂരഹിത പുനരധിവാസ പദ്ധതിയും ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കിയിരുന്നത്. ലൈഫ് മിഷൻ തയ്യാറാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ച ശേഷം നിലവിൽ 45,403 ഭവന രഹിതരും 44,800 ഭൂരഹിത ഭവന രഹിതരും ലൈഫ് മിഷൻ ലിസ്റ്റിൽ അവശേഷിക്കുന്നുണ്ട്.

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 22,912 ഭവനരഹിതരും 5556 ഭൂരഹിതരുമാണുള്ളത്.

**(ബി)** ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക ഭവന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുരക്ഷിതമായ ഭവനം ലഭ്യമാക്കുന്നതിനുള്ള തനത് ഭവന നിർമ്മാണ പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

**(സി)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകി വരുന്ന സേവനങ്ങൾ കൂടുതൽ സുതാര്യവും സമയബന്ധിതവുമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

**മറുപടി:** പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികളെല്ലാം തന്നെ ഓൺലൈൻ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ തലങ്ങളിൽ പ്രതിമാസ അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിവരുന്ന വിവിധ സേവനങ്ങൾ കൂടുതൽ സുതാര്യവും സമയബന്ധിതവുമാക്കുന്നതിനായി 'സർവീസ് പോർട്ടൽ' പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ സമൂഹത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി വകുപ്പ് നിരവധി വികസന-ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ ഭൂരിഭാഗം

പദ്ധതികളും നിലവിൽ ഓഫ്‌ലൈൻ സംവിധാനത്തിലാണ് നിർവ്വഹിക്കപ്പെടുന്നത്. ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇ-ഗ്രാന്റ്സ്, ടി-ഗ്രാന്റ്സ് തുടങ്ങിയ പദ്ധതികൾ ഇതിനോടകം തന്നെ ഓൺലൈൻ പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം, ഗുണഭോക്താക്കൾക്ക് സേവനങ്ങൾ കൂടുതൽ വേഗത്തിലും എളുപ്പത്തിലും ലഭ്യമാക്കുന്നതിനായി വകുപ്പിന്റെ എല്ലാ ഓഫ്‌ലൈൻ പദ്ധതികളും പൂർണ്ണമായി ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.

ഈ ഡിജിറ്റൽവൽക്കരണത്തിന്റെ പ്രഥമ ഘട്ടമെന്ന നിലയിൽ, താഴെ പറയുന്ന 8 പ്രധാന ക്ഷേമ പദ്ധതികളാണ് www.stddservice.kerala.gov.in സർവീസ് പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. മിശ്ര വിവാഹ ധനസഹായം: മിശ്ര വിവാഹം മൂലം ക്ലേശങ്ങൾ അനുഭവിക്കുന്ന ദമ്പതികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള പദ്ധതി.

2. ജനനി ജന്മരക്ഷ: പ്രസവാനുകൂല്യവും മാതൃ-ശിശു സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായ പദ്ധതി.

3. വിവാഹ ധനസഹായം: പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ആവശ്യങ്ങൾക്കായി ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി.

4. കൈത്താങ്ങ്: അനാഥരായ കുട്ടികൾക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന ക്ഷേമപദ്ധതി.

5. സിക്കിൾസെൽ അനീമിയ ധനസഹായം: സിക്കിൾസെൽ അനീമിയ ബാധിതരായ രോഗികൾക്ക് പ്രതിമാസ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.

6. വിദ്യാഭ്യാസ പ്രാരംഭ ധനസഹായം: മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പഠന സംബന്ധമായ പ്രാരംഭ ചെലവുകൾക്കായി ധനസഹായം അനുവദിക്കുന്ന പദ്ധതി.

7.പ്രത്യേക പ്രോത്സാഹന ധനസഹായം: പഠനത്തിൽ അത്യുജ്ജ്വല നേട്ടം കൈവരിക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന പദ്ധതി.

8. ട്യൂഷൻ ഫീസ് ആനുകൂല്യം: 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് അനുവദിക്കുന്നതിനുള്ള പദ്ധതി. ഈ വികസന പദ്ധതികൾ ഏറ്റവും കാര്യക്ഷമമായി ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി സജ്ജീകരിച്ചിട്ടുള്ള പുതിയ വെബ് പോർട്ടലിന്റെ ഉദ്ഘാടനം, 2026 ആഗസ്റ്റ് 09-ന് നടത്തുകയുണ്ടായി.

ചികിത്സാ ധനസഹായം, പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ധനസഹായം, ഏകവരുമാനദായകന്റെ ആശ്രിതർക്കുള്ള ധനസഹായം എന്നിവ അനുവദിക്കുന്നതിന് T ഗ്രാന്റ്സ് പോർട്ടൽ നടപ്പിലാക്കിയിട്ടുണ്ട്.

വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് FRA പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**